# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 897** **04.03.2020 ലെ മറുപടി**

### നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ്

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**

2020-21 വർഷത്തെ ബഡ്ജറ്റിൽ എട്ട് കോടി രൂപ വകയിരുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എത്രയും വേഗം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പമന്ത്രി)**

കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിനായി 2020-21 വർഷത്തെ ബഡ്ജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 20.12.2019-ൽ ബഹു. എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചെറുതാഴം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ വച്ച് പദ്ധതിയുടെ ഗുണഭോക്താക്കളുടെ യോഗം ചേരുകയും പദ്ധതിയുടെ ഗുണഭോക്ത വിസ്തൃതി ഉയർത്തുന്ന തരത്തിൽ പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിച്ച ഭാഗത്തു നിന്നും ഉദ്ദേശം 2 കി.മീ. താഴെ ഭാഗത്തായി സാൾട്ട് വാട്ടർ എക്സ്ക്ലൂഷൻ ക്രോസ് ബാർ നിർമ്മാണത്തിനുള്ള നിർദ്ദേശം സമർപ്പിക്കാൻ തീരുമാനമായിരുന്നു. പെരുമ്പ പുഴയിലെ ഈ മേഖലയിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി പര്യവേക്ഷണ പ്രവൃത്തി നടത്തി ഡിസൈൻ ലഭ്യമാക്കി ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ